1995-96	-	143 ലക്ഷം
1996-97	-	150 ലക്ഷം
1997-98	-	25 ലക്ഷം

1997-98 സാമ്പത്തിക വർഷത്തിൽ വനിതാ വ്യവസായ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുപ്പെട്ടു. അതിനുശേഷം ടി പദ്ധതിക്ക് വ്യവസായ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നില്ല.

പുതിയ വ്യവസായങ്ങൾ

13 (524)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യവസായങ്ങൾ പുതിയിട്ടുണ്ട്;

(ബി) അതിനുള്ളകാരണമെന്താണ്;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും വ്യവസായങ്ങൾ ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിനു പുറത്തേക്ക് മാറ്റിയിട്ടുണ്ടോ, എങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ.

(ഡി) അവ സംസ്ഥാനത്തു നിന്നും മാറ്റുവാനുള്ള കാരണം എന്താണ്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ വൻകിട-ഇടത്തര മേഖലയിൽ (കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ) 28 വ്യവസായങ്ങൾ പൂട്ടിയിട്ടുണ്ട്. 31.10.2000 ത്തിലെ കണക്കനുസരിച്ച് സമരം, ലോക്കൗട്ട്, ലേ-ഓഫ് എന്നീ കാരണങ്ങളാൽ നിലവിൽ 35 വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 1088 സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്. പൊതു മേഖലാസ്ഥാപനങ്ങൾ ഒന്നും തന്നെ അടച്ചു പൂട്ടിയിട്ടില്ല.

(ബി) നഷ്ടം, സാമ്പത്തികബുദ്ധിമുട്ട്, തൊഴിൽപ്രശ്നങ്ങൾ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്, ഒരേ സ്വഭാവമുള്ള യൂണിറ്റുകളുടെ കിടമത്സരം എന്നീ കാരണങ്ങളിലാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പൂട്ടിയിട്ടുള്ളത്.

(സി) ഉണ്ട്. മാങ്കംപസ്റ്റബിൾ പാക്ക് ലിമിറ്റഡ്, പാലക്കാട്.

(ഡി) അഗ്നിബാധ കാരണം കമ്പനി അടച്ചുപൂട്ടിയതുമൂലമാണ് അതിന്റെ ഉടമസ്ഥർ ആന്ധ്രാപ്രദേശിൽ പുതിയശാല ആരംഭിച്ചത്.

"കെ.എ.എ.എസ്. ന്റെ വികസന പദ്ധതി"

14 (525)ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly